

വിശുദ്ധ പൗലോസ്
രചന: മൈക്കിൾ കാരിമറ്റം
ചിത്രീകരണം: ദേവസ്സി- ബെന്നി
Part - 3


സഹോദരാ, നീ ജറുസലേമിലേക്കു പോകരുത്.
നിങ്ങൾ എന്നെ ദുർബലനാക്കരുത്. കർത്താവിൻറെ നാമത്തെപ്രതി ബന്ധനമല്ല മരണവും വരിക്കാൻ ഞാൻ തയ്യാറാണ്


പൗലോസിന്റെ
മൂന്നാം പ്രേഷിതയാത്ര,
റോമായാത്ര
റോമാ
സിസിലി
മാൾട്ടാ
ആംഫിപോളിസ്
ഫിലിപ്പി
തെസലോനിക്കാ
ബെറോയാ
കോറിന്തോസ്
ആഥൻസ്
ക്നീദോസ്
അന്ത്യോക്യാ
സീദോൻ
ടയിർ
പ്തോളമായിസ്
കേസറിയാ
ജറുസലെം
മധ്യധരണ്യാഴി



ജറുസലേമിൽ എത്തിയ പൗലോസിനെ യാക്കോബും ശ്രേഷ്ഠന്മാരുടെ സമൂഹവും സ്വീകരിച്ചു.
വിജാതീയ സഭകളുടെ സ്നേഹവും ഔദാര്യവും ഞങ്ങൾ നന്ദിയോടെ സ്വീകരിക്കുന്നു. എന്നാൽ ഇവിടുത്തെ യഹൂദർക്കും ക്രിസ്ത്യാനികൾക്കും പൗലോസിൻറെ പേരിൽ ഏറെ സംശയങ്ങൾ ഉണ്ട്
നിങ്ങൾ പറയുന്നത് എന്തും ചെയ്യാൻ ഞാൻ ഒരുക്കമാണ്. വിജാതീയർക്കു നൽകിയിരിക്കുന്ന സ്വാതന്ത്ര്യം നിഷേധിക്കരുതെന്ന് മാത്രം
യഹൂദരുടെ നിയമങ്ങൾക്കെതിരായി പ്രചരണം നടത്തുന്നു എന്ന ആരോപണം കഴമ്പില്ലാത്തതാണെന്ന് തെളിയിക്കണം


വ്രതമെടുത്ത
നാലുപേർ
ഇവിടെയുണ്ട്.
അവരോടൊപ്പം
ദേവാലത്തിൽ
പോയി നീയും
ശുദ്ധീകരിക്കണം


ശുദ്ധീകരണക്കാഴ്ചയായി ഓരോരുത്തരുടെയും പേരിൽ രണ്ട് ചെമ്മരിയാട്, ഒരു കോലാട്, അപ്പം, അടകൾ പാനീയ ബലി, മുതലായവയ്ക്ക് വേണ്ട തുകയും നീ തന്നെ നൽകണം
ശരി സമാധാനവും സഭയുടെ ഐക്യവുമാണ് ഞാൻ ആഗ്രഹിക്കുന്നത്

നിയമപ്രകാരമുള്ള കാഴ്ചകൾ അർപ്പിക്കാനായി പൗലോസ് ദേവാലയത്തിൽ എത്തിയപ്പോൾ ഏഷ്യയിൽ നിന്നുള്ള യഹൂദർ പൗലോസിനെതിരെ ജനത്തെ ഇളക്കി വിട്ടു




പൗലോസിനെ അവർ ദേവാലയത്തിന്റെ പുറത്തേക്കുവലിച്ചിഴച്ചു കൊ
ല്ലാൻ ശ്രമിച്ചു. വിവരം അറിഞ്ഞ റോമൻ സഹസ്രാധിപൻ ഇടപെട്ടു
അവനെ ഞങ്ങൾക്ക് വിട്ടു തരൂ .
അവനെ കല്ലെറിയൂ
ഇവനെ കോട്ടയിലേക്ക് കൊണ്ടുപോകുവിൻ.

റോമൻ പട്ടാളം താവളം അടിച്ചിരുന്ന അന്തോണിയാ കോട്ടയുടെ പടിക്കൽ എത്തിയപ്പോൾ പൗലോസ് യഹൂദരോട് സംസാരിക്കാൻ അനുവാദം ചോദിച്ചു.





ഡമാസ്കസിൽ
ഉള്ള ശിക്ഷ്യരെ
തടവിലാക്കി ശിക്ഷി
ക്കാൻ സൻഹദ്രീൻ സം
ഘത്തിൻറെ അധികാര
പത്രവുമായി ഞാൻ
പുറപ്പെട്ടു

പൗലോസ് തൻറെ അനുഭവം വിവരിച്ചു പറഞ്ഞു തീരും മുൻപേ



പടയാളികൾ പൗലോസിനെ കോട്ടയിൽ സൂക്ഷിച്ചു. അടുത്തദിവസം സൻഹദ്രീൻ സംഘത്തിനു മുമ്പിൽ ഹാജരാക്കി.




ക്ഷമിക്കണം അദ്ദേഹം പ്രധാന പുരോഹിതനാണെന്ന് ഞാൻ അറിഞ്ഞില്ല. സഹോദരരെ, ഞാനൊരു ഫരിസേയനാണ്. പുനരുദ്ധാനത്തിലുള്ള പ്രത്യാശയുടെ പേരിലാണ് ഞാൻ ഇന്ന് വിചാരണ ചെയ്യപ്പെടുന്നത്.


ഇതുകേട്ട് പുനരുദ്ധാനത്തിൽ വിശ്വസിക്കുന്ന ഫരിസേയരും വിശ്വസിക്കാത്ത സദുക്കായരും രണ്ടു ചേരിയായി തിരിഞ്ഞു. തർക്കം മൂർച്ഛിച്ചപ്പോൾ



പൗലോസിനെ വധിക്കാൻ യഹൂദർ ഗൂഢാലോചന നടത്തുന്നതറിഞ്ഞു
സഹസ്രാധിപൻ അദ്ദേഹത്തെ രാത്രിയിൽ കേസറിയായിലേക്കയച്ചു




രണ്ടു വർഷത്തോളം പൗലോസ് കേസറിയായിൽ നതടവിൽ കഴിഞ്ഞു. പുതിയ ദേശാധിപതിയായി ഫെസ്തൂസ് സ്ഥാനമേറ്റപ്പോൾ പൗലോസിനെ വീണ്ടും വിചാരണ ചെയ്തു




ഞാൻ ഒരു റോമൻ പൗരനാണ്. സീസറിൻറെ അടുക്കലാണ് ഇനി വിചാരണ ചെയ്യപ്പെടേണ്ടത്.
ശരി, നീ സീസറിൻറെ അടുത്തേക്ക് തന്നെ പോകണം


ഹേറോദോസ്ഒ അഗ്രിപ്പാ രണ്ടാമൻറെ മുമ്പിൽ  ഒരു  വിചാരണ കൂടി നടത്തിയ ശേഷം പട്ടാള അകമ്പടിയോടെ അവർ പൗലോസിനെ കപ്പൽ മാർഗ്ഗംറോമിലേക്ക് അയച്ചു




കാറ്റ് പ്രതികൂലമായിരുന്നതിനാൽ യാത്ര മന്ദഗതിയിലായി. അവസാനം കപ്പൽ വലിയൊരു കൊടുങ്കാറ്റിൽ പെട്ടു




അനേക ദിവസങ്ങൾ കപ്പൽ കാറ്റിന്റെ ഗതിക്കനുസരിച്ചു ലക്ഷ്യമില്ലാതെ ഒഴുകി നീങ്ങി. അവസാനം കര പ്രത്യക്ഷമായി.
ഇവിടെ പതിനഞ്ചാൾ ആഴമേയുള്ളു.
കപ്പൽ ഇടിച്ചു തകരാൻ പോവുകയാണ്. അൽപ്പം മുൻപ് മുപ്പതാൾ ആഴമുണ്ടായിരുന്നു



കപ്പൽ തകരുമെന്ന് തീർച്ചയായപ്പോൾ ശതാധിപൻ
തടവുകാർ രക്ഷപ്പെട്ടാൽ നമ്മൾ കുറ്റക്കാരാവും. എല്ലാവരെയും കൊന്നു കളയുക.
അരുത്, ഒരാൾ പോലും ഓടിപ്പോവുകയില്ല. ആരുടെയും ജീവൻ നഷ്ടപ്പെടുകയും ഇല്ല. എല്ലാ വരുടെയും ചങ്ങലകൾ അഴിച്ചു മാറ്റുവിൻ.


കപ്പൽ പാറയിൽ തട്ടി തകർന്നു.
നീന്തിയും പലകയിൽ പിടിച്ച്
ഒഴുകിയും എല്ലാവരും
കരക്കടുത്തു.


അവർ ചെന്നെത്തിയത്
മാൾട്ടായിലായിരുന്നു.
സ്ഥലവാസികൾ അവരെ
സ്വാഗതം ചെയ്തു


പൗലോസ് ചുള്ളിക്കമ്പുകൾ പൊറുക്കിയെടുത്ത് തീയിൽ ഇട്ടപ്പോൾ ഒരു പാമ്പിൻറെ കടിയേറ്റു.
ഇയാൾ എന്തോ വലിയ പാതകം ചെയ്തവനാണ് കടലിൽ നിന്ന് രക്ഷപ്പെട്ടിട്ടും ദൈവം വെറുതെ വിട്ടില്ലല്ലോ
അണലിയാണ് കടിച്ചത്. ഉടനേ മരിച്ചു വീഴും.

പൗലോസ് പാമ്പിനെ തീയിലേക്ക് കുടഞ്ഞിട്ടു.



നാട്ടുകാരുടെ ആതിഥ്യം സ്വീകരിച്ചു അവർ മൂന്നുമാസം അവിടെ താമസിച്ചു. പൗലോസ് അവിടത്തെ രോഗികളെ സുഖപ്പെടുത്തി




റോമിലെത്തിയ പൗലോസിനെ ക്രിസ്തീയ സഹോദരർ സന്തോഷത്തോടെ സ്വീകരിച്ചു. പട്ടാളത്തിൻറെ കാവലോടെ വീട്ടുതടങ്കലിൽ താമസിച്ചു റോമിലെ യഹൂദരെ വിളിച്ചുകൂട്ടി




ഈ സദ്‌വാർത്ത അറിയിച്ചതിൻറെ പേരിലാണ് ഞാനിപ്പോൾ തടവറയിൽ ആയിരിക്കുന്നത്.
ഞങ്ങൾക്ക് ജറുസലേമിൽ നിന്നു നിന്നെക്കുറിച്ചു യാതൊരറിവും കിട്ടിയിട്ടില്ല


ജറുസലേമിലെ അധികാരികളുടെ തീരുമാനം അറിയാതെ ഞങ്ങൾക്കൊന്നും പറയാനാവില്ല
സത്യം ഗ്രഹിച്ച രക്ഷ പ്രാപിക്കാൻ കഴിയാത്ത വിധം ഹൃദയം കടുത്തു പോയതിനെക്കുറിച്ച് പ്രവാചകൻ പറഞ്ഞത് അന്വർത്ഥമായിരിക്കുന്നു.


രക്ഷയുടെ സുവിശേഷം വിജാതീയരുടെ അടുക്കലേക്കാണ് അയക്കപ്പെട്ടിരിക്കുന്നത്. അവർ അത് കേട്ടു വിശ്വസിക്കുകയും ചെയ്യും

രണ്ടു വർഷത്തോളം പൗലോസ് വീട്ടുതടങ്കലിൽ കഴിഞ്ഞു. അനേകർ അവനെ സമീപിച്ചു. അവരോടെല്ലാം സുവിശേഷം പ്രസംഗിച്ചു.




ഞാൻ യജമാനൻറെ കുറച്ച് പണവും മോഷ്ടിച്ചുകൊണ്ടാണ് പോന്നത്. അങ്ങയെക്കുറിച്ചു കേട്ടപ്പോൾ നേരിൽ കാണാൻ ആഗ്രഹിച്ചു
!
മോഷണവും ഒളിച്ചോട്ടവും നന്നല്ല. ഏതായാലും കുറച്ചു ദിവസം ഇവിടെ താമസിക്കു.


ഏതാനും ദിവസങ്ങൾക്ക് ശേഷം
ഇതിൽ ഒരു കത്ത് നിൻറെ യജമാനൻ ഫിലെമോനുള്ളതാണ്. ഒന്ന് കൊളോസോസിലെ സഭയ്ക്കും. ഇത് രണ്ടും നിങ്ങൾ കൊണ്ടുപോയി കൊടുക്കണം
യജമാനൻറെ അടുക്കലേക്കു മടങ്ങിയാൽ.... ഒളിച്ചോടുന്ന അടിമയ്ക്കുള്ള ശിക്ഷ അങ്ങേക്കറിയാമല്ലോ.


ധൈര്യമായി
പോകൂ. നിന്നെ ഒരു
സഹോദരനായി കരുതണം
എന്നും കഴിയുമെങ്കിൽ
ഇങ്ങോട്ട് തന്നെ തിരിച്ച
യക്കണമെന്നും ഞാൻ
എഴുതിയിട്ടുണ്ട്.

തടവറയിൽ വച്ച് പൗലോസ് എഫോസോസിലെയും ഫിലിപ്പിയിലെയും സഭകൾക്ക് കത്തുകൾ അയച്ചു. രണ്ടുവർഷം കഴിഞ്ഞപ്പോൾ മോചിതനായ പൗലോസ് താൻ സ്ഥാപിച്ച സഭകൾ വീണ്ടും സന്ദർശിച്ചു. ഫിലിപ്പിയിൽ





ഞാൻ സഭകളെ നയിക്കേണ്ട കാലം കഴിഞ്ഞു. തിമോത്തി എഫേസൊസിലെയും തീത്തോസ് ക്രേത്തേയിലെയും സഭകളുടെ നേതൃത്വം ഏറ്റെടുക്കണം.



നിങ്ങൾക്ക് ഏൽപ്പിച്ചിരിക്കുന്ന അജഗണത്തെ വിശ്വസ്തതയോടെ പരിപാലിക്കുവിൻ. ഇനി വൈകേണ്ട നാളെത്തന്നെ പുറപ്പെടുവിൻ

തങ്ങളുടെ അജപാലന ദൗത്യത്തെ ഓർമിപ്പിച്ചുകൊണ്ട്
തിമൊത്തെയോസിനും തീത്തോസിനും പൗലോസ് ലേഖനങ്ങൾ എഴുതി.
ത്രോവോസിൽ വച്ച് ഒരു ദിവസം




റോമിൽ എത്തിയ പൗലോസ് കാരാഗൃഹത്തിൽ അടക്കപ്പെട്ടു. ആദ്യ വിചാരണക്കു ശേഷം




യേശുക്രിസ്തുവിന്റെ അപ്പസ്തോലനായ
പൗലോസ് പ്രേഷ്ഠപുത്രനായ
തിമോത്തിയോസിനു.
ഞാൻ ബലിയർപ്പിക്കപ്പെടേണ്ട സമയം
ആസന്നമായിരിക്കുന്നു. എൻറെ വേർപാടിൻറെ
സമയം സമാഗതമായി. ഞാൻ നന്നായി പൊരുതി.
എൻറെ ഓട്ടം പൂർത്തിയാക്കി. വിശ്വാസം കാത്തു.
എനിക്കായി നീതിയുടെ കിരീടം ഒരുക്കിയിരിക്കുന്നു

ഇതിനിടയ്ക്ക് പത്രോസ് റോമിൽ തടവിലാക്കപ്പെട്ടിരുന്നു. എ.ഡി. 67 ൽ ചക്രവർത്തിയുടെ കൽപ്പന അനുസരിച്ച് പത്രോസിനെ വത്തിക്കാൻ കുന്നിൽ കുരിശിൽ തറച്ചു.




പട്ടണത്തിന് വെളിയിൽ വച്ച് പൗലോസിനെ ശിരച്ഛേദനം ചെയ്തു.
അവൻറെ സഹനത്തിൽ പങ്കുചേരുന്നതിനും അവൻറെ മരണത്തോട് താദാത്മ്യം പ്രാപിക്കുന്നതിനും



ഛേദിക്കപ്പെട്ട ശിരസ്സ് വീണിടത്തുനിന്ന് മൂന്ന് തവണ
തെറിച്ചു. അവിടെ മൂന്ന് ഉറവകളുണ്ടായി ആ
ഉറവയിലെ ജലം രോഗശാന്തി നൽകിയിരുന്നു.
മൂന്നുഉറവകൾ (ത്രേഫൊന്താനെ)
എന്ന് ആ സ്ഥലം ഇന്നും അറിയപ്പെടുന്നു.
ശിഷ്യൻമാർ പൗലോസിന്റെ മൃതദേഹം സംസ്ക്കരിച്ചു.
ആ ശവകുടീരത്തിനു മുകളിലാണ്
വി.പൗലോസിന്റെ ബസിലിക്ക നില്ക്കുന്നത്